2026
AUGUST
03
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വമ്പൻ ആനുകൂല്യവുമായി പിഎം സൂര്യ ഘർ '2.0' വരുന്നു

**ന്യൂദൽഹി:** കേന്ദ്ര സർക്കാർ ആവിഷ്കരിച്ച പുരപ്പുറ സോളർ സബ്സിഡി പദ്ധതിയായ 'പിഎം സൂര്യഘർ മുഫ്ത് ബിജ്‌ലി' യോജനയിൽ ഓരോ 6 ദിവസവും ചേരുന്നത് ഒരുലക്ഷം പുതിയ കുടുംബങ്ങൾ. ഇതുവരെയുള്ള കണക്കുപ്രകാരം രാജ്യത്ത് 49.44 ലക്ഷം വീടുകളാണ് പദ്ധതിയുടെ ഭാഗമായത്. 2026ന്റെ അവസാനത്തോടെ 75 ലക്ഷം വീടുകളാണ് കേന്ദ്രത്തിന്റെ ലക്ഷ്യം.

കേരളത്തിൽ ഉൾപ്പെടെ വലിയ സ്വീകാര്യത നേടിയ പദ്ധതിക്കായി 75,021 കോടി രൂപ വിനിയോഗിക്കുമെന്ന് കേന്ദ്രസർക്കാർ അറിയിച്ചിരുന്നു. ഇതുവരെ 27,855.99 കോടി രൂപ സബ്സിഡിയായി ഉപഭോക്താക്കൾക്ക് കേന്ദ്രം കൈമാറിയിട്ടുണ്ട്. 2024ൽ ആരംഭിച്ച പദ്ധതിയിൽ ആദ്യ ഒരുലക്ഷം പേരെ നേടാൻ 118 ദിവസം വേണ്ടിവന്നിരുന്നു. എന്നാൽ ഉപഭോക്താക്കളുടെ എണ്ണം 20 ലക്ഷത്തിലേക്ക് അടുത്തപ്പോൾ ഓരോ ലക്ഷം പേരെയും ചേർക്കാൻ വേണ്ടിവന്നത് 19 ദിവസങ്ങളായിരുന്നു. ഇതാണ് ഇപ്പോൾ 6 ദിവസത്തിലേക്ക് ചുരുങ്ങിയത്.



മൊത്തം 14,653.23 മെഗാവാട്ട് ശേഷിയുടെ പുരപ്പുറ സോളറുകളാണ് പദ്ധതിയുടെ ഭാഗമായി ഇതിനകം സ്ഥാപിച്ചത്. കേരളത്തിൽ ഇതിനകം 4,21,734 അപേക്ഷകൾ പദ്ധതിക്കായി ലഭിച്ചു. 3.17 ലക്ഷം വീടുകൾ ഇതുവരെ പദ്ധതിയുടെ ഭാഗമായി. 1203.02 മെഗാവാട്ടാണ് സംയോജിത ഉൽപാദനശേഷി. 2073.8 കോടി രൂപ സംസ്ഥാനത്ത് സബ്സിഡിയായി ഉപഭോക്താക്കൾക്ക് അനുവദിക്കുകയും ചെയ്തു. തൃശൂർ, കൊല്ലം, ആലപ്പുഴ ജില്ലകൾ രാജ്യത്ത് പുരപ്പുറ സോളർ വ്യാപനത്തിൽ ഏറ്റവും മുൻനിരയിലാണ്.

പിഎം സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന എന്ന പദ്ധതി വൻ വിജയമായതോടെ, രണ്ടാംഘട്ടം (2.0) അവതരിപ്പിക്കാനുള്ള ആലോചനയിലാണ് കേന്ദ്രം.

ഉപഭോക്താക്കൾക്ക് കൂടുതൽ വായ്പാ സൗകര്യം, ദീർഘകാല സർവീസ്, പുരപ്പുറം പങ്കുവയ്ക്കൽ (റൂഫ്ടോപ് ഷെയറിങ്), മികച്ച ബാറ്ററി സ്റ്റോറേജ് തുടങ്ങിയ സൗകര്യങ്ങൾ ആയിരിക്കും 2.0ൽ പ്രതീക്ഷിക്കുന്നത്. അനുയോജ്യമായ മേൽക്കൂര ഇല്ലാത്ത വീടുകൾക്ക് സമീപത്തെ വീടിന്റെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സോളർ വഴി വൈദ്യുതി ഉപയോഗിക്കാവുന്ന സൗകര്യം 2.0ന്റെ ആകർഷണമായിരിക്കും.

# 84,084 കോടിയുടെ സമുദ്ര മന്ഥൻ പദ്ധതിക്ക് അംഗീകാരം

**ന്യൂദൽഹി:** ആഴക്കടലിൽ നിന്ന് അസംസ്കൃത എണ്ണയും പ്രകൃതിവാതകവും കണ്ടെത്താനുള്ള ഉദ്യമങ്ങൾക്കായി സമുദ്ര മന്ഥൻ എന്ന ദേശീയ സമുദ്ര പര്യവേക്ഷണ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭായോഗം അംഗീകാരം നൽകി. 84,084 കോടി രൂപയുടേതാണ് പദ്ധതി. എണ്ണ, പ്രകൃതിവാതകം എന്നിവയുടെ ഇറക്കുമതി കുറച്ച് തദ്ദേശീയ ഉൽപാദനം വർധിപ്പിക്കാനാണ് നീക്കം.



പര്യവേക്ഷണ കിണറുകൾ കുഴിക്കുക, ഉൽപാദനത്തിനുവേണ്ടിയുള്ള പൊതു അടിസ്ഥാന സൗകര്യങ്ങൾ നിർമിക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

പദ്ധതി പ്രകാരം, ആഴക്കടലിലും അതിതീവ്ര ആഴക്കടൽ മേഖലകളിലും കുഴിക്കുന്ന ഓരോ പര്യവേക്ഷണ കിണറിനും 650 കോടി രൂപ വരെ സർക്കാർ സഹായം നൽകും. പദ്ധതിയുടെ മൊത്തം അടങ്കലിന്റെ പകുതിയിലധികം തുകയായ 43,200 കോടി രൂപ, 2031 വരെ ആഴക്കടൽ ഖനനത്തിനായി നീക്കിവയ്ക്കും. കുഴിക്കുന്ന എല്ലാ പര്യവേക്ഷണ കിണറുകളും വാണിജ്യപരമായ കണ്ടെത്തലിലേക്ക് നയിക്കണമെന്നു നിർബന്ധമില്ല.

ഉയർന്ന ചെലവും കാര്യമായ ഭൗമശാസ്ത്രപരമായ അപകടസാധ്യതകളും ഉൾപ്പെട്ട പ്രവർത്തനമാണിത്. പര്യവേക്ഷണത്തിലൂടെ കണ്ടെത്തിയ എണ്ണയും വാതക ശേഖരവും ഉൽപാദനത്തിലേക്ക് എത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്കായി 10,000 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

# എഥനോൾ മിശ്രിത പദ്ധതി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുമെന്നു കേന്ദ്രം

**ന്യൂദൽഹി:** ഇന്ത്യയുടെ ഭക്ഷ്യസുരക്ഷയെ ബാധിക്കാത്ത തരത്തിലാണ് എഥനോൾ മിശ്രിത പെട്രോൾ പദ്ധതിയെന്നും, രാജ്യത്തിന്റെ ഊർജസുരക്ഷ ശക്തിപ്പെടുത്തുന്നതിനും ക്രൂഡ് ഓയിൽ ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുമാണ് ഇത് ലക്ഷ്യമിടുന്നതെന്നും സർക്കാർ വ്യക്തമാക്കി.

പാവപ്പെട്ടവർക്കുള്ള ധാന്യങ്ങൾ എഥനോൾ ഉത്പാദനത്തിനായി വഴിതിരിച്ചുവിട്ടുവെന്നും സബ്സിഡി നിരക്കിലുള്ള അരി നികുതിദായകരുടെ ചെലവിൽ ഡിസ്റ്റിലറികൾക്ക് നൽകുന്നുണ്ടെന്നുമുള്ള ആരോപണങ്ങൾ സർക്കാർ തള്ളി.

ഭക്ഷ്യധാന്യ ശേഖരണം ആദ്യം പൊതുവിതരണ സമ്പ്രദായം (പിഡിഎസ്), ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (എൻഎഫ്എസ്എ), ക്ഷേമപദ്ധതികൾ, നിർബന്ധിത ബഫർ സ്റ്റോക്ക് മാനദണ്ഡങ്ങൾ എന്നിവയുടെ ആവശ്യകതകളാണ് പൂർത്തിയാക്കുന്നതെന്ന് സർക്കാർ വ്യക്തമാക്കി. ഭക്ഷ്യസുരക്ഷാ ബാധ്യതകളെല്ലാം പൂർത്തിയാക്കിയ ശേഷം, ഭക്ഷ്യപൊതുവിതരണ വകുപ്പ് സാക്ഷ്യപ്പെടുത്തുന്ന മിച്ചമുള്ള ധാന്യശേഖരം മാത്രമാണ് എഥനോൾ ഉത്പാദനത്തിനായി അനുവദിക്കുന്നത്.

മനുഷ്യർക്ക് ഭക്ഷ്യയോഗ്യയമല്ലാത്തതും സൂക്ഷിച്ചുവച്ചാൽ കേടാകാൻ സാധ്യതയുള്ളതുമായ ധാന്യങ്ങൾ, പൊടിഞ്ഞ അരി, കേടായ ധാന്യങ്ങൾ എന്നിവയാണ് എഥനോൾ ഉത്പാദനത്തിനായി പ്രധാനമായും ഉപയോഗിക്കുന്നതെന്ന് സർക്കാർ അറിയിച്ചു. കൂടാതെ പ്രധാനമന്ത്രി ജിവൻ യോജന വഴി കാർഷിക അവശിഷ്ടങ്ങളിൽ നിന്നുള്ള രണ്ടാം തലമുറ എഥനോൾ ഉത്പാദനം വ്യാപിപ്പിക്കുന്നുണ്ടെന്നും, ഇത് ഭക്ഷ്യധാന്യങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നുണ്ടെന്നും സർക്കാർ അറിയിച്ചു.

ഫുഡ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ അരി ഉപയോഗിക്കുന്നതിനെക്കുറിച്ചുള്ള ആശങ്കകൾക്ക് മറുപടിയായി, എഥനോൾ ഉത്പാദനത്തിന് അംഗീകാരമുള്ള നിരവധി അസംസ്കൃത വസ്തുക്കളിൽ ഒന്ന് മാത്രമാണ് എഫ്സിഐ അരി എന്നും മറ്റ് വസ്തുക്കളുടെ അതേ കേന്ദ്ര സർക്കാർ വിലനിർണയ രീതി തന്നെയാണ് ഇതിനും പിന്തുടരുന്നതെന്നും വ്യക്തമാക്കി.

സർക്കാർ കണക്കുകൾ പ്രകാരം, ചോളത്തിൽനിന്ന് ഉത്പാദിപ്പിക്കുന്ന എഥനോളിനാണ് ഏറ്റവും ഉയർന്ന സംഭരണവില ലഭിക്കുന്നത് ലിറ്ററിന് 71.86 രൂപ. കരിന്പ് ജ്യൂസ്/സിറപ്പ് (ലിറ്ററിന് 65.61 രൂപ), കേടായ ഭക്ഷ്യധാന്യങ്ങൾ (ലിറ്ററിന് 64 രൂപ), ബിഹെവി മൊളാസസ് (ലിറ്ററിന് 60.73 രൂപ), എഫ്സിഐ അരി (ലിറ്ററിന് 60.32 രൂപ), സിഹെവി മൊളാസസ് (ലിറ്ററിന് 57.97 രപ) എന്നിങ്ങനെയാണ് മറ്റ് വിലകൾ.






## കെസിബിസി സമ്മേളനം ഇന്നു മുതൽ

**കൊച്ചി:** കേരള കത്തോലിക്കാമെത്രാൻസമിതി ദൈവശാസ്ത്ര കമ്മീഷന്റെ നേതൃത്വത്തിൽ ഏകദിന ദൈവശാസ്ത്ര സമ്മേളനം 2026 ആഗസ്റ്റ് 3 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ മൗണ്ട് സെന്റ് തോമസിൽവച്ച് നടക്കും. പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധരുടെയും മധ്യസ്ഥതയെക്കുറിച്ചുള്ള ജനകീയ ഭക്തിയും സഭയുടെ പ്രബോധനങ്ങളും എന്നതാണ് സമ്മേളനത്തിന്റെ മുഖ്യവിഷയം. വിഷയത്തെ ആസ്പദമാക്കി സീറോ മലബാർ ഫാമിലി കമ്മീഷൻ സെക്രട്ടറി ഫാ. ഡോ. അരുൺ കലമറ്റത്തിൽ, കെസിബിസി ഡോക്ട്രിനൽ കമ്മീഷൻ ജോയിന്റ് സെക്രട്ടറി റവ. ഡോ. മാർട്ടിൻ എൻ ആന്റണി ഒഡിഇഎം എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ് വർഗീസ് ചക്കാലക്കൽ ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ ഡോക്ട്രിനൽ കമ്മീഷൻ ചെയർമാൻ ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് മുഖ്യപ്രഭാഷണം നടത്തും. റവ. ഡോ. ആർ.ബി. ഗ്രിഗറി, കെ.ജെ. ആന്റണി, റവ. സി. ഡോ. മേരി ആൻ സി.എം.സി., എന്നിവർ വിഷയത്തെ ആസ്പദമാക്കി സംസാരിക്കും. കെസിബിസി വൈസ് പ്രസിഡന്റ് ബിഷപ് സാമുവേൽ മാർ ഐറേനിയോസ് മോഡറേറ്ററായിരിക്കും.

കത്തോലിക്കാസഭയിലെ മെത്രാന്മാരും തിരഞ്ഞെടുക്കപ്പെട്ട ദൈവശാസ്ത്രപണ്ഡിതരും മേജർ സെമിനാരികളിലെ റെക്ടർമാരും ദൈവശാസ്ത്ര പ്രഫസർമാരും കെസിബിസിയുടെ വിവിധ കമ്മീഷൻ സെക്രട്ടറിമാരും ഏകദിന ദൈവശാസ്ത്രസമ്മേളനത്തിൽ സംബന്ധിക്കും.

2026 ആഗസ്റ്റ് 3 തിങ്കളാഴ്ച വൈകിട്ട് 5ന് കെസിബിസി സമ്മേളനം ആരംഭിക്കും. അടിയന്തര പ്രാധാന്യം അർഹിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്യും. തുടർന്ന് ആഗസ്റ്റ് 7 വരെ മെത്രാന്മാരുടെ വാർഷിക ധ്യാനം നടക്കും. റവ. ഫാ. ബിനോയി കരിമരുതുംകൽ ആണ് ധ്യാനം നയിക്കുന്നത്.

## വൈസ്മെൻ ഇൻററർനാഷണൽ ഭാരവാഹികളുടെ സ്ഥാനാരോഹണം

**കൊച്ചി:** വൈസ്മെൻ ഇന്റർ നാഷണൽ കൊച്ചി കോസ്മോപൊളിറ്റൻ ക്ലബ്ബിന്റെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഗണവും വിദ്യർഥികൾക്കുള്ള സാമ്പത്തിക സഹായവും വിതരണം ചെയ്തു സമ്മേളനം മുൻ. റീജിയൻ ഡയറക്ടർ പി. ജെ. കുരിയാച്ചൻ ഉദ്ഘാടനം ചെയ്തു. ഡിസ്ട്രിക്റ്റ്. ഗവർണർ. മിജു നെറ്റികാടൻ പുതിയ ഭാരവാഹികളേ അവരോധിച്ചു. പ്രോജെക്ടിന്റെ ഉദ്ഘാടനം എ. കെ. ഗീവർഗീസ് സന്തോഷ് തോമസ് കാനാടൻ എന്നിവർ ചേർന്ന് നിർവഹിച്ചു. ഡി. പ്രദിപ് മൈനെർ പ്രൊജക്റ്റ്ന്റെയും കുരുവിള മാത്യൂസ് ക്ലബ് ബുള്ളറ്റിന്റെയും ഉദ്ഘാടനം നിർവഹിച്ചു.

പ്രസിഡന്റ് മാത്യൂസ് എബ്രഹാം, സെക്രട്ടറി ഷൈനി ജോസ്,ട്രഷറർ.വി. കെ. അനിൽകുമാർ, ബുള്ളറ്റിൻ എഡിറ്റർ കുരുവിള മാത്യൂസ്, മെനെറ്റസ്. പ്രസിഡന്റ്. സരിത ലൈജൻ, സെക്രട്ടറി. ലിൻസി മാത്യൂസ്, ലിൻസ്. പ്രസിഡന്റ്. ലക്ഷ്മി ലൈജൻ, സെക്രട്ടറി. മീനാക്ഷി എന്നിവരെ തിരഞ്ഞെടുത്തു. ഡി. പ്രദിപ്, കെ. ശിവരാജൻ, കെ. എ. ആന്റണി, ജയ് എം. ജോൺ, എന്നിവർ പ്രസംഗിച്ചു. ഷൈനി ജോസ് നന്ദിയും പ്രകാശിപ്പിച്ചു

കേരളത്തിന്റെ സാമൂഹിക ആരോഗ്യ സുസ്ഥിതിക്ക് കടുത്ത വെല്ലുവിളി ഉയർത്തുന്ന സിന്തറ്റിക് ലഹരിവസ്തുക്കളുടെ വ്യാപനത്തെ പൂർണമായും നിർമാർജനം ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ട് എന്ന കർമ്മ പദ്ധതിയെ യോഗം സ്വാഗതം ചെയ്തു

ലഹരി വിപണന ശൃംഖലകളെ കൃത്യമായി നിരീക്ഷിക്കാനും പൂർണ്ണമായും ഇല്ലാതാക്കാനും ഓപ്പറേഷൻ തൂഫാൻ ദി നാർക്കോ ഹണ്ടിന് പൂർണ്ണമായും സാധിക്കുമെന്ന് യോഗം വിലയിരുത്തി.

## നിലക്കടല ഗ്രാമമാകാൻ എലപ്പുള്ളി; ഓയിൽ സീഡ്സ് പദ്ധതിപ്രകാരം ആദ്യഘട്ടത്തിൽ ഒരുക്കുന്നതു 112 ഏക്കർ നിലക്കടല കൃഷി

**എലപ്പുള്ളി:** കാർഷിക വിളകളുടെ പരീക്ഷണശാലയായി മാറിയ എലപ്പുള്ളി, സംസ്ഥാനത്തെ ആദ്യ നിലക്കടല ഗ്രാമമാകാൻ ഒരുങ്ങുന്നു. നാഷനൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് നടപ്പാക്കുന്ന ഓയിൽ സീഡ്സ് പദ്ധതിപ്രകാരം എലപ്പുള്ളി പഞ്ചായത്തിൽ ആദ്യഘട്ടത്തിൽ 112 ഏക്കറിലാണു നിലക്കടലക്കൃഷി ആരംഭിക്കുന്നത്. പദ്ധതിപ്രകാരമുള്ള സംസ്ഥാനത്തെ ആദ്യ നിലക്കടലക്കൃഷി എലപ്പുള്ളിയിലാകും ആരംഭിക്കുക. സോയിൽ ഹെൽത്ത് കാർഡ് ഉൾപ്പെടെ കർഷകർക്കു നൽകും.

കൃഷി ചെയ്യുന്ന നിലക്കടലയിൽ നിന്ന്, എണ്ണയുണ്ടാക്കി വിപണിയിലേക്ക് എത്തിക്കുന്ന പദ്ധതിക്കും ഇതിനൊപ്പം രൂപം കൊടുത്തിട്ടുണ്ട്.ഒരുകാലത്തു നിലക്കടലക്കൃഷി കൊണ്ടു സമ്പന്നമായിരുന്നു എലപ്പുള്ളി. മേനോൻപാറ ഷുഗർ ഫാക്ടറി വന്നതോടെ നിലക്കടലപ്പാടങ്ങൾ മുഴുവൻ കരിമ്പു കൃഷിയിലേക്കു മാറി. ഷുഗർ ഫാക്ടറി പ്രവർത്തനം നിലച്ചതോടെ നിലക്കടലക്കൃഷിക്കൊപ്പം കരിമ്പു കൃഷിയും മൺമറഞ്ഞു.പിന്നീട് ലൊക്കേഷൻ സ്പെസിഫിക് പദ്ധതിയിലുൾപ്പെടുത്തി നിലക്കടലക്കൃഷി നിലനിർത്തുന്നതിനാവശ്യമായ പദ്ധതികൾക്കു ശ്രമം നടത്തിയെങ്കിലും വിജയിച്ചില്ല.

കൃഷി ഓഫിസർ ബി.എസ്.വിനോദ്കുമാറിന്റെ വർഷങ്ങളായുള്ള ശ്രമമാണ് ഇപ്പോൾ യാഥാർഥ്യമാകുന്നത്. ആദ്യഘട്ടത്തിൽ തന്നെ നൂറിലേറെ കർഷകർ മുന്നോട്ടു വന്നിട്ടുണ്ട്.




## വിദ്യാർഥികൾ സമൂഹമാറ്റത്തിന് നേതൃത്വം നൽകുന്ന പ്രൊഫഷണലുകളാകണം: സീറാം സാംബശിവ റാവു

**കൊച്ചി:** സാങ്കേതിക വൈദഗ്ധ്യം മാത്രം നേടിയാൽ മതിയാകില്ലെന്നും, സത്യസന്ധത, നീതി, നിയമപാലനം എന്നീ മൂല്യങ്ങൾ ജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും മുറുകെപ്പിടിച്ച് പ്രവർത്തിക്കുന്ന പ്രൊഫഷണലുകളായി വളരണമെന്നും കേരള സർക്കാർ ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. വകുപ്പിന്റെ സ്പെഷ്യൽ സെക്രട്ടറി ശ്രീ. സീറാം സാംബശിവ റാവു, ഐ.എ.എസ് പറഞ്ഞു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല സ്കൂൾ ഓഫ് എൻജിനീയറിംഗിന്റെ ബിരുദസമർപ്പണ ചടങ്ങിൽ മുഖ്യാതിഥിയായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഏതൊരു ജോലി തിരഞ്ഞെടുക്കുമ്പോഴും അതിലുപരി, ആ ജോലിയിലൂടെ മറ്റൊരാളുടെ ജീവിതത്തിൽ നല്ല മാറ്റം സൃഷ്ടിക്കാൻ കഴിയുന്നുണ്ടോ എന്നതാണ് പ്രധാനം, അദ്ദേഹം പറഞ്ഞു കൂട്ടിച്ചേർത്തു.

ചടങ്ങിൽ അധ്യക്ഷത വഹിച്ച കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി, സർവകലാശാലയിൽ നിന്ന് ആർജിച്ച അറിവും മൂല്യങ്ങളും സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കായി പ്രയോജനപ്പെടുത്തണമെന്ന് ബിരുദധാരികളോട് ആഹ്വാനം ചെയ്തു.

പരീക്ഷാ കൺട്രോളർ ഡോ. മനോജ് എൻ, സ്കൂൾ ഓഫ് എൻജിനീയറിംഗ് പ്രിൻസിപ്പാൾ ഡോ. അബ്ദുള്ള പി., ഫാക്കൽറ്റി ഓഫ് എൻജിനീയറിംഗ് ഡീൻ ഡോ. സെന്തിൽ പ്രകാശ് എം. എൻ, കൺവീനർ ഡോ. പ്രമോദ് പവിത്രൻ എന്നിവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് 600 ഓളം വിദ്യാർഥികൾ ബിരുദ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി. വിവിധ അവാർഡുകളും വിതരണം ചെയ്തു. ചടങ്ങിന്റെ ഭാഗമായി ബിരുദധാരികൾ പ്രതിജ്ഞ ചൊല്ലി.



**എൻ.എസ്.എസ്. നേതൃത്വ പരിശീലന ക്യാമ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ജി. എസ് ഗിരീഷ് കുമാർ, ഡോ. ജോബിൻ ജോസ്, എൻ.എസ്.എസ്. കേരള റീജിയണൽ ഡയറക്ടർ വൈ. എം. ഉപ്പിൻ, തുടങ്ങിയവർ സമീപം.**

## എൻ.എസ്.എസ്. പ്ലാസ്റ്റിക് മാലിന്യശേഖരണ ചലഞ്ച് പുരസ്കാര വിതരണവും നേതൃത്വ പരിശീലന ക്യാമ്പും സംഘടിപ്പിച്ചു

**കാഞ്ഞിരപ്പള്ളി:** മഹാത്മാഗാന്ധി സർവകലാശാലാ നാഷണൽ സർവീസ് സ്കീമിന്റെയും എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ 'സ്വച്ഛത ആക്ഷൻ പ്ലാനി'ന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല പ്ലാസ്റ്റിക് മാലിന്യശേഖരണ ചലഞ്ച് 2026ന്റെ അവാർഡ് ദാന ചടങ്ങും അഞ്ചുദിവസത്തെ എൻ.എസ്.എസ് വോളണ്ടിയർ സെക്രട്ടറിമാരുടെ ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പിന്റെ ഉദ്ഘാടനവും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.

ചടങ്ങിൽ ജലസേചനഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് അവാർഡ് ദാനവും ലീഡർഷിപ്പ് ക്യാമ്പിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. എൻ എസ് എസിന്റെ നേതൃത്വത്തിലുള്ള യുവജന കൂട്ടായ്മ, നാടിനെ മാലിന്യമുക്തമാക്കി മാറ്റുന്നതിനും അത് സംരക്ഷിച്ചു നിർത്തുന്നതിനും ഉത്തമ മാതൃകയാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.

ചടങ്ങിൽ മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിച്ചു. ആഗോളതാപനം നിയന്ത്രിക്കുന്നതിന് എല്ലാ എൻ.എസ്.എസ്. വളന്റിയ!ർമാരും അവർക്ക് ലഭിച്ചിട്ടുള്ള അവസരം ഉപയോഗിക്കണമെന്നും ഈ ഭൂമി മനോഹരമായി അടുത്ത തലമുറയ്ക്ക് കൈമാറുന്നതിനു നമ്മൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്ലാസ്റ്റിക് ചാലഞ്ചിൽ പങ്കെടുത്തവരെയും അവാർഡ് ജേതാക്കളെയും വി.സി. അഭിനന്ദിച്ചു.

സർവകലാശാലാ എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ ശിവദാസൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ എൻ.എസ്.എസ്. കേരള റീജിയണൽ ഡയറക്ടർ വൈ. എം. ഉപ്പിൻ മുഖ്യാതിഥിയായി. ഡിജിറ്റൽ വെൽനസ് പ്രൊജക്റ്റ് ഉദ്ഘാടനം സർവകലാശാലാ സിൻഡിക്കേറ്റ് അംഗമായ പ്രൊഫ. ജി. എസ് ഗിരീഷ് കുമാർ നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. ജോബിൻ ജോസ്, യൂത്ത് ഓഫീസർ പീയൂഷ് പരാഞ്ജപെ, സെന്റ് ഡൊമിനിക്സ് കോളേജ് മാനേജർ റവ. ഫാ. ഡോ. കുര്യൻ താമരശ്ശേരി, പ്രിൻസിപ്പൽ ഡോ. ബിനോ പി. ജോസ്, ബർസാർ റവ. ഡോ. മനോജ് പാലക്കുടി എന്നിവർ സംസാരിച്ചു. സെന്റ് ഡൊമിനിക്സ് കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ജിനു എലിസബത്ത് സെബാസ്റ്റ്യൻ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.

# എം.ജി സർവകലാശാല

## ഓൺലൈൻ പ്രോഗ്രാമുകളിലേക്ക് ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം

സെൻറർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷൻ നടത്തുന്ന ബിരുദ, ബിരുദാനന്തര ഓൺലൈൻ പ്രോഗ്രാമുകളുടെ ജൂലൈ സെഷനിലെ പ്രവേശനത്തിന് ഓഗസ്റ്റ് 15 വരെ അപേക്ഷിക്കാം. യു.ജി.സി. അംഗീകാരമുള്ള ഈ കോഴ്സുകളിൽ ക്ലാസുകളും പരീക്ഷകളും പൂർണ്ണമായും ഓൺലൈനായിരിക്കും. അർഹരായ വിദ്യാർത്ഥികൾക്ക് ഫീസ് ഇളവുകളും ലഭ്യമാണ്. എം.ജി. സർവകലാശാല കാമ്പസിലെ സെൻററിൽ നേരിട്ടെത്തിയോ ഓൺലൈൻ വഴിയോ പ്രവേശന നടപടികൾ പൂർത്തിയാക്കാം. വിശദ വിവരങ്ങൾക്ക് www.cdoe.mgu.ac.in. . ഫോൺ: 0481 2731010, 8547852326.

## യൂണിവേഴ്സിറ്റി കൗൺസിലർമാരുടെ വിവരങ്ങൾ സമർപ്പിക്കണം

കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ മഹാത്മാഗാന്ധി സർവകലാശാല യൂണിയൻ കൗൺസിലർമാരായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ ഇതുവരെ സമർപ്പിക്കാത്ത കോളേജുകൾ ഓഗസ്റ്റ് 3 തിങ്കളാഴ്ച വൈകീട്ട് 4 മണിക്ക് മുൻപായി വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മാതൃകാ ഒപ്പ് അടങ്ങിയ വിശദാംശങ്ങൾ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ രണ്ട് ഫോട്ടോകൾ, കോളേജ് തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ അടങ്ങിയ നിർദ്ദിഷ്ട പ്രോഫോർമ ആണ് സർവകലാശാലയിൽ സമർപ്പിക്കേണ്ടത്.

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

മൂന്നാം സെമസ്റ്റർ ബിആർക് (2015 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷകൾ ഓഗസ്റ്റ് 17 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 18 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 19 വരെയും അപേക്ഷ സ്വീകരിക്കും.

## സ്പോട്ട് അഡ്മിഷൻ

ക്യാമ്പസിലെ സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബാച്ചലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ്, ബാച്ച്ലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ എന്നീ കോഴ്സുകളിലാണ് ഒഴിവുകൾ. യോഗ്യരായ വിദ്യാർത്ഥികൾ ആവശ്യമായ അസ്സൽ സർട്ടിഫിക്കറ്റുകൾ, ഫീസ് അടച്ച രസീത്, സ്പോർട്സ് കിറ്റ് എന്നിവ സഹിതം ഓഗസ്റ്റ് 04ന് രാവിലെ 08:30 മണിക്ക് വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ04812733377 വിശദവിവരങ്ങൾക്ക് spess.mgu.ac.in/admission/

## പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബിഎ മ്യൂസിക് വോക്കൽ (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

## പരീക്ഷാഫലം

ഒന്നു മുതൽ എട്ടു വരെയുള്ള സെമസ്റ്ററുകൾ ബിടെക് (2010 അഡ്മിഷൻ മെഴ്സി ചാൻസ്) ജൂലൈ 2024 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ ഓൺലൈനായി അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎസ്.സി സുവോളജി (2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

## അസിസ്റ്റൻറ് പ്രൊഫസർ കരാർ നിയമനം

ഗ്രാജ്വേറ്റ് സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇൻറഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് , നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജി , എന്നിവയിൽ വിവിധ വിഷയങ്ങളിൽ 202627 അക്കാദമിക് വർഷത്തേക്ക് (2027 ഏപ്രിൽ 15 വരെ) അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഹിന്ദി, ഹിസ്റ്ററി, മാത്തമാറ്റിക്സ്, മൈക്രോബയോളജി/ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, എൻവിറോൺമെൻറൽ സയൻസ്, ഫിസിക്സ് എന്നീ വിഷയങ്ങളിലാണ് ഒഴിവുകൾ. യു.ജി.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 70 വയസ്സ്. പ്രതിമാസം 40,000 രൂപ സമാഹൃത വേതനം ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകളും ഓഗസ്റ്റ് 10നകം recruitmentada7@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്.



കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വേൾഡ് മലയാളി കൗൺസിലിന്റെ (ഡബ്ലുഎംസി) മുപ്പതാമത് അന്താരാഷ്ട്ര വാർഷിക സമ്മേളനത്തിന്റെ പ്രഖ്യാപനം വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി നടത്തുന്നു. ഗ്ലോബൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് പി. ബി.ബോസ് ,ഇന്ത്യ റീജിയൺ ചെയർമാൻ അഡ്വ.കെ.വി.സാബു, ഇന്ത്യ റീജിയൺ പ്രസിഡന്റ് അഡ്വ.എം.ജി. ശ്രീജിത്ത്,കേരള കൗൺസിൽ സെക്രട്ടറി അഡ്വ.ആശ പോൾ എന്നിവർ സമീപം.

# വേൾഡ് മലയാളി കൗൺസിൽ: അന്താരാഷ്ട്ര സമ്മേളനം ഓഗസ്റ്റ് 21 മുതൽ 24 വരെ

**കൊച്ചി:** പ്രവാസി മലയാളികളുടെ ലോകത്തെ ഏറ്റവും വലിയ കൂട്ടായ്മയായ വേൾഡ് മലയാളി കൗൺസിലിന്റെ (ഡബ്ലുഎംസി) മുപ്പതാമത് അന്താരാഷ്ട്ര വാർഷിക സമ്മേളനം 2026 ഓഗസ്റ്റ് 21 മുതൽ 24 വരെ അമേരിക്കയിലെ ടെക്സാസിലുള്ള ഡാളസിൽ നടക്കുമെന്ന് കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി, ഗ്ലോബൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് പി.ബി.ബോസ്, ഇന്ത്യ റീജിയൺ ചെയർമാൻ അഡ്വ.കെ.വി.സാബു, ഇന്ത്യ റീജിയൺ പ്രസിഡന്റ് അഡ്വ.എം.ജി.ശ്രീജിത്ത്,കേരള കൗൺസിൽ സെക്രട്ടറി അഡ്വ.ആശ പോൾ എന്നിവർ അറിയിച്ചു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മലയാളി പ്രതിനിധികൾ പങ്കെടുക്കുന്ന സമ്മേളനത്തിൽ വൈവിധ്യമാർന്ന സെമിനാറുകൾ, ചർച്ചാ സംഗമങ്ങൾ, സാംസ്കാരിക പരിപാടികൾ, ജീവകാരുണ്യ പദ്ധതികളുടെ പ്രഖ്യാപനം എന്നിവ നടക്കും.പ്രവാസി സമൂഹത്തിന്റെയും, ആഗോള മലയാളി സമൂഹത്തിന്റെയും ഉന്നമനത്തിനും ഐക്യദാർഢ്യത്തിനും ഊന്നൽ നൽകുന്നതാണ് ഇത്തവണത്തെ ഡാളസ് ഗ്ലോബൽ സമ്മേളനമെന്ന് ഭാരവാഹികൾ വ്യക്തമാക്കി. 1995ൽ ന്യൂജേഴ്സിയിൽ രൂപം കൊണ്ട സംഘടനയ്ക്ക് 40ൽപരം രാജ്യങ്ങളിൽ ശക്തമായ സംഘടനാസാന്നിധ്യമുണ്ട്. ഗ്ലോബൽ ചെയർമാൻ ഗോപാലപിള്ള (യു.എസ്.എ), ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി (യു.എ.ഇ), ജനറൽ സെക്രട്ടറി ക്രിസ്റ്റഫർ വർഗീസ് (യു.എ.ഇ), ഗ്ലോബൽ ട്രഷറർ ശശികുമാർ നായർ (ഇന്ത്യ) നൈനാൻ മത്തായി (ഫിലാഡൽഫിയ), പ്രൊഫ. സാം മണ്ണരിക്കോട് (ന്യൂയോർക്ക്), ജോളി പെരിയാറ്റിൽ (ജർമ്മനി), ബാബു തളങ്ങട്ടിൽ (ബഹ്റൈൻ), അഡ്വ. എം. ജി. ശ്രീജിത്ത് (ഇന്ത്യ), അനീഷ് ജെയിംസ് (അമേരിക്ക) എന്നിവരുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര വാർഷിക സമ്മേളനത്തിന്റെ ഒരുക്കങ്ങൾ പുരോഗമിക്കുന്നതായും സംഘാടകർ പറഞ്ഞു. 150മത് ദ്വിവത്സര സമ്മേളനത്തിന്റെ ഭാഗമായി കേരളത്തിൽ 15 വീടുകൾ നിർമ്മിച്ചു നൽകും. കൂടാതെ 25 ആദിവാസി (വനവാസി) കുടുംബങ്ങൾക്ക് കൂടി വീടുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയും പുരോഗമിക്കുകയാണെന്ന് ഭാരവാഹികൾ അറിയിച്ചു.

### ഡാളസ് ഗ്ലോബൽ സമ്മേളനത്തിന്റെ ഭാഗമായി വേൾഡ് മലയാളി കൗൺസിൽ ഇന്റർനാഷണൽ അവാർഡുകളും പ്രഖ്യാപിച്ചു

ജീവകാരുണ്യ രംഗത്തെ പ്രമുഖനും പേസ് എജ്യുക്കേഷൻ ഗ്രൂപ്പ് സ്ഥാപകനുമായിരുന്ന പരേതനായ ഡോ. പി. എ. ഇബ്രാഹിം ഹാജിയുടെ സ്മരണാർത്ഥം ഏർപ്പെടുത്തിയ 'ഹ്യൂമാനിറ്റേറിയൻ ഗോൾഡൻ ലാന്റേൺ അവാർഡ് ഗാന്ധിഭവൻ അഭയകേന്ദ്രങ്ങളുടെ സ്ഥാപകനായ പുനലൂർ സോമരാജന് സമ്മാനിക്കും. യു.എ.ഇ, ഇന്ത്യ, കുവൈറ്റ് തുടങ്ങിയ രാജ്യങ്ങളിലായി പടർന്നുകിടക്കുന്ന, 20,000ത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകളും കോളജുകളും ഉൾപ്പെടുന്ന സ്ഥാപനങ്ങളുടെ ചെയർമാനായിരുന്ന ഡോ. പി. എ. ഇബ്രാഹിം ഹാജിയുടെ ഓർമ്മ നിലനിർത്താനാണ് ഈ പുരസ്കാരം. കൂടാതെ, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ ബിസിനസ് എക്സലൻസ് അവാർഡ് എൻകോഴ്സ് പ്രസ്ഥാനത്തിന്റെ സ്ഥാപകനും സി.ഇ.ഒ.യുമായ മൊബി കെ.ബാബുവിന് നൽകുമെന്നും ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

# ക്രൈസ്തവ സമൂഹം ഭാരതത്തിന് ചെയ്ത സംഭാവനകൾ അതുല്യം: മാർ. റാഫേൽ തട്ടിൽ

**മുംബൈ:** ക്രൈസ്തവ സമൂഹം ഭാരതത്തിന് ചെയ്ത സംഭാവനകൾ അതുല്യമാണന്നും വിദ്യാഭ്യാസ രംഗത്തും ആതുര ശുശ്രൂഷ രംഗത്തും സഭയുടെ സേവനങ്ങൾ പൊതു സമൂഹം എന്നും ഓർമിക്കുമെന്നും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ.കത്തോലിക്ക കോൺഗ്രസ് ദേശീയ സമ്മേളനം മുംബൈയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വളർച്ചക്ക് ക്രൈസ്തവ സമൂഹം നൽകിയ സംഭാവനകൾ നമ്മുടെ അഭിമാനങ്ങളാണ്. ആക്രമിക്കപ്പെടേമട സമൂഹമല്ല ഇത്. ഇന്ന് നാട്ടിൽ നിന്നും കുടിയേറ്റങ്ങൾ വർദ്ധിച്ചു വരുമ്പോൾ,ചെല്ലുന്ന പ്രദേശങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം പകർന്ന് നൽകാനും സഭയുടെ പാരമ്പര്യങ്ങൾ മുറുകെ പിടിക്കുവാനും മറ്റുള്ളവർക്ക് നന്മ ചെയ്യാനും ഓരോ ക്രൈസ്തവനും ശ്രമിക്കണമെന്നും മേജർ ആർച്ച്ബിഷപ് പറഞ്ഞു.കത്തോലിക്ക കോൺഗ്രസിന്റെ ഒപ്പം ഒന്ന് ചേർന്ന സമുദായം ഇന്ത്യയൊട്ടാകെ ഒന്നായി മുന്നേറണം എന്നും അദ്ദേഹം പറഞ്ഞു.പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷനായ സമ്മേളനത്തിൽ ആർച്ച് ബിഷപ്പുമാരായ മാർ. സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, മാർ. റാഫി മഞ്ഞളി,ബിഷപ്പുമാരായ മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, മാർ.ജോസഫ് അരുമച്ചാടത്ത്, ജന.സെക്രട്ടറി ഡോ.ജോസുകുട്ടി ജെ ഒഴുകയിൽ, ഡയറക്ടർ ഫാ ഫിലിപ്പ് കവിയിൽ, ട്രഷറർ ടോണി പൂഞ്ചകുന്നേൽ, മോൺ. സിറിയക് കുമ്പാട്ട്, അഡ്വ. ബിജു പറയനിലം, ട്രീസ ലിസ് സെബാസ്റ്റ്യൻ, ബെന്നി ആന്റണി, ഷെവലിയാർ ഡോ. കെ.എം. ഫ്രാൻസിസ്,രാജീവ് തോമസ് എന്നിവർ പ്രസംഗിച്ചു.



# സൗഹൃദ ദിനത്തിൽ എയർടെൽ ഡിജിറ്റൽ ബാൻഡിലൂടെ ഫ്രണ്ട്ഷിപ് ആഘോഷിക്കാം

**കൊച്ചി:** ഉപഭോക്താക്കൾക്ക് സൗഹൃദ ദിനം ഡിജിറ്റൽ ഫ്രണ്ട്ഷിപ് ബാൻഡിലൂടെ ആഘോഷിക്കാൻ എയർടെൽ ഒരു പുതുവഴി അവതരിപ്പിക്കുന്നു. എയർടെൽ ആപ്പിലൂടെ ഉപയോക്താക്കൾക്ക് സുഹൃത്തിന്റെ എയർടെൽ പ്രീപെയ്ഡ് നമ്പർ റീച്ചാർജ് ചെയ്യുകയും ദൈനംദിന ഇടപെടലിലൊരു ചിന്താപൂർവമായ സ്പർശം നൽകാനായി ആ നമ്പറിനെ ഡിജിറ്റൽ ഫ്രണ്ട്ഷിപ് ബാൻഡിലൂടെ ജോടിയാക്കാം.

ഉപയോക്താവ് സുഹൃത്തിന്റെ എയർടെൽ പ്രീപെയ്ഡ് നമ്പർ നൽകിയശേഷം പ്രീപെയ്ഡ് റീച്ചാർജ് തിരഞ്ഞെടുത്ത്, അത് പൂർത്തിയാക്കുന്നതിലൂടെ ഈ അനുഭവം ആരംഭിക്കുന്നു. വ്യത്യസ്തതരം സൗഹൃദങ്ങൾക്കായി രൂപകൽപന ചെയ്ത ഡിജിറ്റൽ ഫ്രണ്ട്ഷിപ് ബാൻഡുകളുടെ നിരയിൽനിന്നും അവർക്ക് ബാൻഡ് തിരഞ്ഞെടുക്കാം. ജിം ബഡ്ഡി, മീം ഡീലർ, ഗെഡി പാർട്ണർ, ഫുഡി ഫ്രണ്ട്, ഗോസ്സിപ് സ്പില്ലർ, ഫ്രീ തെറാപ്പിസ്റ്റ് തുടങ്ങിയവ ബാൻഡുകളുടെ പട്ടികയിൽ ഉൾപ്പെടുന്നു.

ബാൻഡ് തിരഞ്ഞെടുത്തു കഴിഞ്ഞാൽ, ആ ഫ്രണ്ട്ഷിപ് ബാൻഡിനെ ഉടൻ തന്നെ സൗഹൃദ ദിന സന്ദേശത്തിനൊപ്പം വാട്സ്ആപ്പ് അല്ലെങ്കിൽ എസ്എംഎസ് വഴി പങ്കുവയ്ക്കുന്നു. ഈ ബാൻഡ് ലഭിക്കുന്നവർക്ക് മറ്റാർക്കെങ്കിലും കാമ്പെയ്ൻ പേജിലൂടെ ഫ്രണ്ട്ഷിപ് ബാൻഡ് സമ്മാനിച്ചു കൊണ്ട് ഈ ശൃംഖല തുടരാം.

ഈ സംരംഭത്തിലൂടെ, ഫ്രണ്ട്ഷിപ് ബാൻഡുകൾ കൈമാറുന്ന പരമ്പരാഗത രീതിയെ ഇന്നത്തെ ഡിജിറ്റൽ ലോകത്തിനായി പുനർരൂപകൽപന ചെയ്യുന്നു. പ്രീപെയ്ഡ് റീച്ചാർജിനെ ചിന്താപൂർവമായ സന്ദേശവുമായി സംയോജിപ്പിക്കുന്നതിലൂടെ സൗഹൃദങ്ങളെ ആഘോഷിക്കാൻ ലളിതവും എന്നാൽ അർത്ഥവത്തായതുമായ മാർഗം കമ്പനി ഉപഭോക്താക്കൾക്ക് നൽകുന്നു.

ഈ കാമ്പെയ്ൻ പതിവുള്ളൊരു റീച്ചാർജിനെ പങ്കുവയ്ക്കാവുന്ന അനുഭവമായി രൂപാന്തരപ്പെടുത്തുകയും സുഹൃത്തുക്കളുമായി എളുപ്പത്തിൽ കണക്ട് ചെയ്യുന്ന തരത്തിൽ ആക്കുകയും കൂടാതെ ഈ സന്ദർഭത്തെ ഓർമ്മയിലെന്നും തങ്ങിനിൽക്കുന്ന തരത്തിൽ ആഘോഷിക്കുവാൻ സാധിക്കുന്നത് ആക്കുകയും ചെയ്യുന്നു.






# മുത്തൂറ്റ് ഫിനാൻസിന് മികച്ച നേട്ടം; അറ്റാദായം 2,825 കോടി രൂപയായി ഉയർന്നു

**കൊച്ചി:** 2026 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മികച്ച പ്രകടനവുമായി മുത്തൂറ്റ് ഫിനാൻസ്. കമ്പനിയുടെ സംയോജിത അറ്റാദായത്തിലും വായ്പാ ആസ്തിയിലും മികച്ച വാർഷിക വളർച്ചയാണ് രേഖപ്പെടുത്തിയത്.

സംയോജിത വായ്പാ ആസ്തി 43 ശതമാനം വാർഷിക വളർച്ചയോടെ 1,91,532 കോടി രൂപയിലെത്തി. 57,594 കോടി രൂപയുടെ വളർച്ചയാണ് ഈ പാദത്തിൽ മാത്രമായി ഉണ്ടായത്. സംയോജിത അറ്റാദായം 43 ശതമാനം വർദ്ധനവോടെ 2,825 കോടി രൂപയായി. സംയോജിത സ്വർണ്ണ പണയ വായ്പാ ആസ്തി 48 ശതമാനം ഉയർന്ന് 1,75,527 കോടി രൂപയായി. ഈ പാദത്തിലെ വളർച്ച 56,767 കോടി രൂപയാണ്.

മുത്തൂറ്റ് ഫിനാൻസിന്റെ മാത്രം വായ്പാ ആസ്തി 43 ശതമാനം വർധിച്ച് 1,72,053 കോടി രൂപയായി. അറ്റാദായം 25 ശതമാനം വർധിച്ച് 2,550 കോടി രൂപയായി. സ്വർണ്ണ പണയ വായ്പാ ആസ്തി 44 ശതമാനം വാർഷിക വളർച്ചയോടെ 1,63,298 കോടി രൂപയായി.

4,82,707 പുതിയ ഉപഭോക്താക്കൾക്കായി 8,937 കോടി രൂപയുടെ സ്വർണ്ണ പണയ വായ്പകൾ വിതരണം ചെയ്തു. ഒരു ശാഖയിലെ ശരാശരി സ്വർണ്ണപ്പണയ ആസ്തി 32.47 കോടി രൂപയാണ്. 2027 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ ഗ്രൂപ്പ് മൊത്തം 86 പുതിയ ശാഖകൾ തുറന്നു.

മുത്തൂറ്റ് ഫിനാൻസിന്റെ മൊത്തം വായ്പ ആസ്തി എക്കാലത്തെയും ഉയർന്ന നിരക്കായ 1,91,532 കോടി രൂപയിൽ എത്തിയതായി മുത്തൂറ്റ് ഫിനാൻസ് ചെയർമാൻ ജോർജ്ജ് ജേക്കബ് മുത്തൂറ്റ് വ്യക്തമാക്കി. ഉപഭോക്താക്കളുടെ നിരന്തരമായ വിശ്വാസവും ഡിജിറ്റൽ പരിവർത്തനങ്ങളിലെ വേഗതയും ഈ നേട്ടത്തിന് കാരണമായതായി അദ്ദേഹം കൂട്ടിച്ചേർത്തു.

സ്വർണ്ണ വായ്പാ രംഗത്തെ കമ്പനിയുടെ നേതൃത്വവും, മികച്ച പ്രവർത്തന ക്ഷമതയും, ഉപഭോക്തൃ ബന്ധങ്ങളുമാണ് ഈ വളർച്ചയ്ക്ക് അടിത്തറയെന്നും സാങ്കേതികവിദ്യയിലുള്ള തുടർച്ചയായ നിക്ഷേപങ്ങളും സുഗമമായ ക്ലെയിം പ്രക്രിയകളും ഉപഭോക്തൃ അനുഭവം കൂടുതൽ മെച്ചപ്പെടുത്തുന്നുണ്ടെന്നും മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് അറിയിച്ചു.

## നിക്ഷേപ സാമ്പത്തിക അവബോധം വളർത്താൻ എച്ച്.ഡി.എഫ്.സി. മ്യൂച്വൽ ഫണ്ടിന്റെ നാരി നിവേശ് യാത്ര

**കൊച്ചി:** സ്ത്രീകളിൽ നിക്ഷേപ സാമ്പത്തിക അവബോധം വർധിപ്പിക്കാൻ ലക്ഷ്യമിട്ട് എച്ച്.ഡി.എഫ്.സി. മ്യൂച്വൽ ഫണ്ട് നാരി നിവേശ് യാത്രകേരളത്തിലൂടെ നീളം പര്യടനം നടത്തി. ചെന്നൈയിൽ നിന്നും ആരംഭിച്ച ഈ രാജ്യവ്യാപക നിക്ഷേപക വിദ്യാഭ്യാസഅവബോധ പരിപാടിയുടെ ഭാഗമായി കേരളത്തിൽ പ്രാദേശിക സമൂഹങ്ങളുമായി സംവാദം നടത്തി.

കുടുംബങ്ങളുടെ സാമ്പത്തിക തീരുമാനങ്ങളിൽ സ്ത്രീകളുടെ പങ്ക് വർധിച്ചുവരുന്ന സാഹചര്യത്തിൽ, രാജ്യത്തുടനീളം വനിതാ സ്വയം സഹായ സംഘങ്ങൾക്കായി 60 പ്രത്യേക ബോധവൽക്കരണ സെഷനുകൾ ഇതിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്. രണ്ട് പ്രചാരണ വാഹനങ്ങളിലായി സഞ്ചരിക്കുന്ന ഈ യാത്രയിൽ തെരുവുനാടകങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, നേരിട്ടുള്ള ആശയവിനിമയം എന്നിവയിലൂടെ സാമ്പത്തിക ആസൂത്രണം, ലക്ഷ്യാധിഷ്ഠിത നിക്ഷേപം, ദീർഘകാല സമ്പത്ത് സൃഷ്ടിക്കൽ എന്നിവ ലളിതമായി വിശദീകരിക്കുന്നു.

വ്യക്തിഗത സാമ്പത്തിക കാര്യങ്ങളെക്കുറിച്ചുള്ള സംവാദങ്ങളിലൂടെ ചിട്ടയായ നിക്ഷേപ ശീലം വളർത്തേണ്ടതിന്റെ പ്രാധാന്യമാണ് ഈ യാത്ര ലക്ഷ്യമിടുന്നത് എന്ന് എച്ച്.ഡി.എഫ്.സി. അസറ്റ് മാനേജ്മെന്റ് കമ്പനി എം.ഡി.യും സി.ഇ.ഒയുമായ നവ്നീത് മുനോട്ട് വ്യക്തമാക്കി. നിക്ഷേപം സങ്കീർണമായ ഒന്നല്ലെന്നും സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ സാമ്പത്തിക ലക്ഷ്യങ്ങളിലേക്ക് മുന്നേറാനുള്ള പ്രായോഗിക മാർഗമാണെന്നും ഈ പദ്ധതിയിലൂടെ ബോധ്യപ്പെടുത്താൻ ശ്രമിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## ഹിമാലയ പുതിയ കാമ്പയിൻ തുടങ്ങി

**കൊച്ചി:** കുഞ്ഞിന് കണ്ണീരില്ല, അമ്മയ്ക്ക് സന്തോഷക്കണ്ണീർ എന്നപേരിലുള്ള ഡിജിറ്റൽ വീഡിയോ ചിത്രം ശിശുപരിചരണ ബ്രാൻഡായ ഹിമാലയ ബേബികെയർ പുറത്തിറക്കി.

നോ ടിയേഴ്സ് ഫോർമുലയോടുകൂടിയ ഹിമാലയ ജെൻറിൽ ബേബി ഷാംപൂ ഉപയോഗിച്ച് കുളിപ്പിക്കുമ്പോൾ കണ്ണിന് എരിച്ചിൽ ഉണ്ടാക്കാതെ കുഞ്ഞുങ്ങൾക്ക് മികച്ച അനുഭവം പകരുന്നതാണെന്ന് അധികൃതർ അവകാശപ്പെടുന്നു.

## ഓണം ഷോപ്പിംഗ് ആഘോഷവുമായി മൈജി

**കോഴിക്കോട്:** ഓണം സീസണിൽ 'മൈജി ഓണം മാസ് ഓണം സീസൺ 4' ന് തിരിതെളിച്ചു.




30കോടിയിലധികം രൂപയുടെ സമ്മാനങ്ങളും ആകർഷകമായ ഡിസ്കൗണ്ടുകളും വിലക്കുറവുകളുമാണ് മൈജി ഓണം മാസ് ഓണം സീസൺ 4 ന്റെ ഭാഗമായി കേരളമൊട്ടാകെയുള്ള മൈജി, മൈജി ഫ്യൂച്ചർ ഷോറൂമുകളിൽ ഒരുക്കിയിരിക്കുന്നത്.

വർഷങ്ങളുടെ കാത്തിരിപ്പില്ലാതെ സമ്മാനങ്ങൾ 45 ദിവസത്തിനുള്ളിൽ തന്നെ ഉപഭോക്താവിന്റെ കൈകളിൽ എത്തിക്കുന്നുവെന്നതാണ് മൈജിയുടെ ഏറ്റവും വലിയ പ്രത്യേകത.

ഓണ വിപണിയെ ലക്ഷ്യമിട്ട് 2,500 കോടി രൂപയുടെ വിറ്റുവരവും 202627 സാമ്പത്തിക വർഷത്തിൽ 7,500 കോടി രൂപയ്ക്കുമേൽ റെക്കോർഡ് വരുമാനവും കൈവരിക്കുക എന്നതാണ് മൈജി ലക്ഷ്യമിടുന്നത്. കൂടാതെ ഈ സാമ്പത്തിക വർഷം പുതുതായി 40 മുതൽ 50 വരെ ഷോറൂമുകൾ തുറക്കാനാണ് മൈജി ലക്ഷ്യംവയ്ക്കുന്നത്.

30 കോടിയിലധികം രൂപയുടെ സമ്മാനങ്ങളും ഡിസ്കൗണ്ടുകളുമാണ് മൈജി ഓണം മാസ് ഓണം സീസൺ 4 ലൂടെ ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്.

ഓഗസ്റ്റ് 1 മുതൽ സെപ്റ്റംർ 30 വരെ പർച്ചേസ് ചെയ്യുന്ന കസ്റ്റമേഴ്സിന് നറുക്കെടുപ്പിലൂടെ 20 കാർ, 25 സ്കൂട്ടർ, 1 ലക്ഷം രൂപ വീതം 100 പേർക്ക് കാഷ് പ്രൈസ്, 50 പേർക്ക് ഇൻറർനാഷണൽ ട്രിപ്പ് ( 25 ദമ്പതികൾ ) കൂടാതെ ബംപർ സമ്മാനമായി ഒരാൾക്ക് ബിഎംഡബ്ല്യു കാർ എന്നീ സമ്മാനങ്ങൾ സ്വന്തമാക്കാനുള്ള അവസരമാണ് മൈജി ഒരുക്കിയിരിക്കുന്നത്.

# കരൂർ വൈശ്യ ബാങ്കിന്റെ അറ്റലാഭം 756 കോടി

**കൊച്ചി:** കരൂർ വൈശ്യ ബാങ്ക് ജൂൺ 30ന് അവസാനിച്ച ആദ്യപാദത്തിലെ സാമ്പത്തികഫലങ്ങൾ പ്രഖ്യാപിച്ചു. ബാങ്കിന്റെ മൊത്തം ബിസിനസ് വാർഷികാടിസ്ഥാനത്തിൽ 15.94 ശതമാനം വർധിച്ച് 2,27,267 കോടി രൂപയിലെത്തി. നിക്ഷേപം 14.94 ശതമാനം ഉയർന്ന് 1,22,587 കോടിയും വായ്പകൾ 17.13 ശതമാനം വർധിച്ച് 1,04,680 കോടിയുമായി.

റീട്ടെയിൽ, കാർഷിക, എംഎസ്എംഇ വിഭാഗങ്ങളിലെ വായ്പകൾ 18 ശതമാനം വളർച്ച രേഖപ്പെടുത്തിയപ്പോൾ, സിഎഎസ്എ നിക്ഷേപം 15.25 ശതമാനം ഉയർന്ന് സിഎഎസ്എ അനുപാതം 27.55 ശതമാനമായി. ബാങ്കിന്റെ ബാലൻസ് ഷീറ്റ് 15.15 ശതമാനം വളർച്ചയോടെ 1,44,364 കോടിയിലെത്തി.

ആദ്യപാദത്തിൽ ബാങ്കിന്റെ അറ്റലാഭം വാർഷികാടിസ്ഥാനത്തിൽ 44.92 ശതമാനം ഉയർന്ന് 756 കോടിയായി. പിപിഒപി 36.15 ശതമാനം വർധിച്ച് 1,096 കോടി രൂപയിലെത്തിയപ്പോൾ അറ്റ പലിശ വരുമാനം 31.76 ശതമാനം ഉയർന്ന് 1,423 കോടി രൂപയായി.

അറ്റ പലിശ മാർജിൻ 4.34 ശതമാനമായും കമ്മീഷൻ, ഫീസ് അധിഷ്ഠിത വരുമാനം 7.57 ശതമാനം വർധിച്ച് 270 കോടിയായും രേഖപ്പെടുത്തി. വരുമാനച്ചെലവ് അനുപാതം 41.24 ശതമാനമായിരുന്നു. ഈ പാദത്തിൽ ബാങ്കിന്റെ ആർഒഎ 2.11 ശതമാനവും ആർഇഒ 20.24 ശതമാനവും രേഖപ്പെടുത്തി.

വളർച്ച, ലാഭക്ഷമത, ആസ്തി ഗുണനിലവാരം എന്നീ പ്രധാന മേഖലകളിലെ സ്ഥിരതയാർന്ന പ്രകടനം ബാങ്കിൻറെ ശക്തമായ ബിസിനസ് മാതൃകയെ പ്രതിഫലിപ്പിക്കുന്നതാണെന്ന് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ബി. രമേശ് ബാബു പറഞ്ഞു. ബാങ്ക് ആദ്യപാദത്തിൽ ഒരു ലക്ഷം കോടി രൂപയുടെ വായ്പാ നാഴികക്കല്ല് പിന്നിട്ടതായും അദ്ദേഹം അറിയിച്ചു.

## ധനലക്ഷ്മി ബാങ്കിന് 24.91 കോടി ലാഭം

**തൃശൂർ:** ധനലക്ഷ്മി ബാങ്ക് 202627 സാമ്പത്തികവർഷത്തിലെ ഒന്നാംപാദ ഫലം പ്രഖ്യാപിച്ചു. ഒന്നാം പാദത്തിൽ 24.91 കോടി രൂപയാണ് അറ്റലാഭം. കഴിഞ്ഞ സാമ്പത്തികവർഷം ഇതേ കാലയളവിൽ ഇത് 12.18 കോടിയായിരുന്നു. ഇക്കാലയളവിലെ പ്രവർത്തനലാഭം 51.45 കോടിയായി. കഴിഞ്ഞ സാമ്പത്തികവർഷം ഇതേ കാലയളവിൽ പ്രവർത്തനലാഭം 33.28 കോടി രൂപയായിരുന്നു. മൊത്തം ബിസിനസ് 21.13 ശതമാനം വാർഷികവളർച്ച നേടി 29,051 കോടിയിൽനിന്ന് 35,190 കോടി രൂപയായി. മൊത്തം നിക്ഷേപം കഴിഞ്ഞ വർഷം ഇതേ കാലയളവിലെ 16,570 കോടിയിൽനിന്ന് 19,404 കോടി രൂപയായും വർധിച്ചു. 17.10 ശതമാനം വാർഷികവളർച്ച. റീട്ടെയ്ൽ നിക്ഷേപങ്ങളിൽ 18.62 ശതമാനം വാർഷികവളർച്ച കൈവരിച്ചു.

## ഹോണ്ട മോട്ടോർസൈക്കിൾസിന് ജൂലൈയിൽ 5.42 ലക്ഷം യൂണിറ്റ് വിൽപ്പന; 5% വളർച്ച

**ഗുരുഗ്രാം:** ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് (എച്ച്എംഎസ്ഐ) 2026 ജൂലൈയിൽ 5.42 ലക്ഷം യൂണിറ്റ് വിൽപ്പന രേഖപ്പെടുത്തി. 2025 ജൂലൈയിലെ 5.15 ലക്ഷം യൂണിറ്റ് വിൽപ്പനയെ അപേക്ഷിച്ച് 5 ശതമാനം വളർച്ചയാണ് നേടിയത്.

കമ്പനി ജൂലൈയിൽ ആഭ്യന്തര വിപണിയിൽ 4.76 ലക്ഷം യൂണിറ്റുകൾ വിറ്റഴിച്ചു. കഴിഞ്ഞ വർഷത്തെ 4.66 ലക്ഷം യൂണിറ്റുമായി താരതമ്യം ചെയ്യുമ്പോൾ 2 ശതമാനം വളർച്ച രേഖപ്പെടുത്തി. കയറ്റുമതി 66,498 യൂണിറ്റായി ഉയർന്നു; 2025 ജൂലൈയിലെ 49,047 യൂണിറ്റിനെ അപേക്ഷിച്ച് 35 ശതമാനം വളർച്ചയാണ് നേടിയത്.

2026 സാമ്പത്തിക വർഷത്തിലെ ഏപ്രിൽജൂലൈ കാലയളവിൽ എച്ച്എംഎസ്ഐയുടെ മൊത്തം വിൽപ്പന 21.54 ലക്ഷം യൂണിറ്റിലെത്തി. കഴിഞ്ഞ വർഷത്തെ ഇതേ കാലയളവിലെ 18.9 ലക്ഷം യൂണിറ്റുമായി താരതമ്യം ചെയ്യുമ്പോൾ 14 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. ഈ കാലയളവിൽ ആഭ്യന്തര വിൽപ്പന 18.89 ലക്ഷം യൂണിറ്റും കയറ്റുമതി 2.64 ലക്ഷം യൂണിറ്റുമാണ്.

വൈവിധ്യമാർന്ന ഉൽപ്പന്ന നിരയും രാജ്യത്തുടനീളമുള്ള 7,000ത്തിലധികം ടച്ച് പോയിന്റുകളുടെ ശൃംഖലയും കമ്പനിയുടെ വിപണി സാന്നിധ്യം ശക്തിപ്പെടുത്തുന്നതായി എച്ച്എംഎസ്ഐ അറിയിച്ചു.



# വൻകിട വികസന പദ്ധതികളിൽ കൂടുതൽ നിക്ഷേപ സന്നദ്ധത അറിയിച്ച് ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്

**തിരുവനന്തപുരം:** സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിനും അടിസ്ഥാനസൗകര്യ വികസനങ്ങൾക്കും കരുത്തേകാൻ വൻകിട നിക്ഷേപങ്ങളുമായി ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക്. എ.ഐ.ഐ.ബി സീനിയർ ഇൻവെസ്റ്റ്മെന്റ് ഓഫീസർ രാജേഷ് യാദവ്, ഇൻവെസ്റ്റ്മെന്റ് ഓഫീസർ മുഹമ്മദ് ഷാരിബ് ഖാൻ, അസോസിയേറ്റ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ വൻഷിക കാന്ത് എന്നിവരടങ്ങിയ ഉന്നതതല സംഘം സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി വി.ഡി. സതീശനുമായി കൂടിക്കാഴ്ച നടത്തി.

കൊച്ചി മെട്രോ രണ്ടാം ഘട്ടം , ഖരമാലിന്യ സംസ്കരണ പദ്ധതി, പ്രകൃതിദുരന്തങ്ങളെ പ്രതിരോധിക്കാനുള്ള റെസിലിയന്റ് കേരള പ്രോഗ്രാം, അണക്കെട്ടുകളുടെ പുനരധിവാസ പദ്ധതി എന്നിവയിൽ ബാങ്ക് നിലവിൽ കേരളവുമായി സഹകരിക്കുന്നുണ്ട്. ഈ പങ്കാളിത്തം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. പരിസ്ഥിതി സൗഹൃദ നിർമ്മാണങ്ങൾക്കും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള വികസനത്തിനും കേരളം നൽകുന്ന മുൻഗണന ബാങ്കിന്റെ 2030 വരെയുള്ള വികസന നയപരിപാടികളുമായി ചേർന്നു പോകുന്നതാണെന്ന് പ്രതിനിധി സംഘം ചൂണ്ടിക്കാട്ടി.

മത്സ്യബന്ധനം, തുറമുഖങ്ങൾ, ഉൾനാടൻ ജലഗതാഗതം, മാരിടൈം ലോജിസ്റ്റിക്സ്, തീരദേശ വികസനം, ടൂറിസം തുടങ്ങിയവ കോർത്തിണക്കിയുള്ള 'മിഷൻ സമുദ്ര' പദ്ധതിയുമായി സഹകരിക്കാനുള്ള ബാങ്കിന്റെ പ്രത്യേക താൽപര്യം പ്രതിനിധികൾ സർക്കാരിനെ അറിയിച്ചു. സംയോജിത പ്രോഗ്രാം മാതൃകയിലൂടെ ബ്ലൂ ഇക്കോണമി രംഗത്ത് വൻ നിക്ഷേപങ്ങൾ എത്തിക്കാനാണ് ബാങ്ക് ലക്ഷ്യമിടുന്നത്. ഇതോടൊപ്പം കുട്ടനാട്‌വേമ്പനാട് കായൽ മേഖലയുടെ സംരക്ഷണം, ജലസേചന സംവിധാനങ്ങൾ ആധുനികവത്കരിക്കൽ, പ്രളയ പ്രതിരോധം, റോഡുകളുടെയും നഗരങ്ങളുടെയും വികസനം, പുനരുപയോഗ ഊർജ്ജം, ആരോഗ്യം, വിദ്യാഭ്യാസം, ശാസ്ത്ര ഗവേഷണം തുടങ്ങിയ മേഖലകളിലും ബാങ്ക് നിക്ഷേപ സന്നദ്ധത അറിയിച്ചു.

എ.ഐ.ഐ.ബിയുടെ സഹകരണത്തെ സ്വാഗതം ചെയ്ത മുഖ്യമന്ത്രി, നാടിന്റെ വികസനത്തിൽ ബാങ്ക് നൽകുന്ന പിന്തുണയ്ക്ക് നന്ദി അറിയിച്ചു. പരിസ്ഥിതിക്കും നാടിനും കോട്ടം തട്ടാത്തതും ദീർഘകാലത്തേക്ക് ജനങ്ങൾക്ക് ഉപകാരപ്പെടുന്നതുമായ വികസനത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ നിബന്ധനകൾ പാലിച്ചും സംസ്ഥാന വികസന നയങ്ങൾക്ക് അനുസരിച്ചും നാടിന്റെ വളർച്ചയ്ക്ക് സഹായകരമാകുന്ന പുതിയ പദ്ധതികളുമായി മുന്നോട്ടുപോകുമെന്ന് അദ്ദേഹം വ്യക്തമാക്കി.

വരും മാസങ്ങളിൽ കൂടുതൽ ചർച്ചകൾ നടത്തി, മുൻഗണന നൽകേണ്ട പ്രധാന പദ്ധതികളുടെയും നിക്ഷേപങ്ങളുടെയും അന്തിമ പട്ടിക തയാറാക്കും.

# ഫ്രെയർ എനർജി ഓണം 24കാരറ്റ് സ്വർണ്ണ ഓഫർ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യ 2030ഓടെ 500 ജിഗാവാട്ട് സോളാർ ശേഷി ലക്ഷ്യമിട്ട് മുന്നോട്ട് പോകുന്നതിനിടയിൽ, പിഎം സൂര്യ ഘർ യോജനയുടെ കീഴിൽ റെസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാർ സ്വീകാര്യത വർദ്ധിപ്പിക്കുന്നതിനായി, ഇന്ത്യയിലെ രണ്ടാമത്തെ വലിയ റൂഫ്ടോപ്പ് സോളാർ കമ്പനിയായ ഫ്രെയർ എനർജി കേരളത്തിലെ ഉപഭോക്താക്കൾക്കായി പ്രത്യേക ഓണം ഓഫർ അവതരിപ്പിച്ചിരിക്കുന്നു. ഈ ഉത്സവ ഓഫറിന്റെ ഭാഗമായി, ഓഫർ കാലയളവിൽ ബുക്ക് ചെയ്യുന്ന ഓരോ റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റലേഷനോടൊപ്പം ആദ്യമായി സോളാർ വാങ്ങുന്നവർക്ക് 1 ഗ്രാം 24കാരറ്റ് സ്വർണ്ണ നാണയം സൗജന്യ സമ്മാനമായി ലഭിക്കും.




ഈ ഓഫർ 2026 ഓഗസ്റ്റ് 26 വരെ കേരളത്തിലുടനീളം സാധുതയുള്ളതാണ്. റൂഫ്ടോപ്പ് സോളാറിന്റെ നേട്ടങ്ങളെ ഓണത്തിന്റെ കാലാതീതമായ സ്വർണ്ണം സമ്മാനിക്കുന്ന പാരമ്പര്യവുമായി സംയോജിപ്പിച്ച്, സമൃദ്ധിയുടെയും പുതിയ തുടക്കങ്ങളുടെയും ചിഹ്നമായ സ്വർണ്ണത്തോടൊപ്പം ശുദ്ധോർജ്ജ സ്വീകാര്യതയെ കൂടുതൽ പ്രതിഫലദായകമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

ഈ പ്രഖ്യാപനത്തെക്കുറിച്ച് ഫ്രെയർ എനർജിയുടെ സഹസ്ഥാപകയും ഡയറക്ടറുമായ രാധിക ചൗധരി പറഞ്ഞു: 'ഈ ഓണക്കാലത്ത് കേരളത്തിലെ കുടുംബങ്ങൾക്ക് സോളാറിലേക്ക് മാറുന്നത് കൂടുതൽ ലാഭകരമാക്കാൻ ഞങ്ങൾ ആഗ്രഹിച്ചു. ഓരോ പുതിയ റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റാളേഷനൊപ്പവും 1 ഗ്രാം 24 കാരറ്റ് സ്വർണ്ണനാണയം നൽകുന്നതിലൂടെ, സമൃദ്ധിയുടെ ഉത്സവ നിമിഷങ്ങളെ ഹരിതോർജ്ജത്തിന്റെ ശാശ്വത മൂല്യവുമായി ഞങ്ങൾ ഒന്നിപ്പിക്കുന്നു. 2026 ജൂലൈ വരെയുള്ള കണക്കനുസരിച്ച് പിഎം സൂര്യ ഘർ യോജനയ്ക്ക് കീഴിൽ 40 ലക്ഷത്തിലധികം റൂഫ്ടോപ്പ് സോളാർ ഇൻസ്റ്റാളേഷനുകൾ പൂർത്തിയായതോടെ, 1 കോടി സോളാർ വീടുകൾ എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യ സ്ഥിരതയോടെ മുന്നേറുകയാണ്. കേരളത്തിലെ ഉയർന്ന വൈദ്യുതി നിരക്കും പുനരുപയോഗ ഊർജ്ജത്തിലേക്ക് മാറാനുള്ള സാധ്യതയും കണക്കിലെടുത്ത്, കേരളത്തിന് വേണ്ടി മാത്രമായി തയ്യാറാക്കിയ പ്രത്യേക ഓഫറാണിത്.'

കൂടാതെ, ഉപഭോക്തൃകേന്ദ്രീകൃതമായ ഓഫറുകളിലൂടെയും സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പരിഹാരങ്ങളിലൂടെയും സംസ്ഥാനത്തുടനീളം വീടുകളിൽ റൂഫ്ടോപ്പ് സോളാർ ഉപയോഗം പ്രോത്സാഹിപ്പിക്കാനും, സ്വന്തമായി ശുദ്ധമായ വൈദ്യുതി ഉത്പാദിപ്പിക്കാനും, ഗ്രിഡിനെ ആശ്രയിക്കുന്നത് കുറയ്ക്കാനും, സുസ്ഥിരമായ ഒരു ഭാവിക്കായി സംഭാവന നൽകാനും കുടുംബങ്ങളെ പ്രാപ്തരാക്കാനാണ് ഫ്രെയർ എനർജി ലക്ഷ്യമിടുന്നത്.

ഉയർന്ന ഉപഭോക്തൃ അവബോധം, അനുകൂല നയങ്ങൾ, ഊർജ്ജ സ്വാതന്ത്ര്യത്തോടുള്ള വർദ്ധിച്ചുവരുന്ന താൽപ്പര്യം എന്നിവയാൽ കേരളം ഇന്ത്യയിലെ പ്രമുഖ റൂഫ്ടോപ്പ് സോളാർ വിപണികളിലൊന്നായി തുടരുന്നു.

സംസ്ഥാനത്തുടനീളം ആകെ 2.28 മെഗാവാട്ട് റൂഫ്ടോപ്പ് സോളാർ ശേഷി സ്ഥാപിച്ചിട്ടുണ്ട്. ഫ്രെയർ എനർജിയുടെ ഓണം ക്യാമ്പയിൻ സംസ്ഥാനത്തെ കുടുംബങ്ങൾക്ക് റൂഫ്ടോപ്പ് സോളാറിനെ കൂടുതൽ ആകർഷകമാക്കുകയും കാർബൺ മലിനീകരണം കുറച്ച് ഹരിത ഭാവിക്കും ഹരിത ഊർജ്ജത്തിലേക്കുമുള്ള മാറ്റത്തിന് വേഗം കൂട്ടുകയും ചെയ്യും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# അക്ഷയ തങ്ക മാളിഗൈ കല്യാൺ ജുവലേഴ്സിന്റെ ആദ്യ പ്രാദേശിക ബ്രാൻഡ്

**കൊച്ചി:** കല്യാൺ ജുവലേഴ്സ് ഇന്ത്യ ലിമിറ്റഡ് ആദ്യ പ്രാദേശിക ആഭരണ ബ്രാൻഡായ 'അക്ഷയ തങ്ക മാളിഗൈ' (എടിഎം) അവതരിപ്പിച്ചു. തമിഴ്നാടിനെ ലക്ഷ്യമിട്ടുള്ള പുതിയ ബ്രാൻഡിന്റെ പേര്, ലോഗോ, വിപണിയെ ലക്ഷ്യമിടുന്ന പദ്ധതികൾ എന്നിവ കമ്പനി ഇതാദ്യമായി പ്രഖ്യാപിച്ചു. കല്യാൺ, കാൻഡെയർ എന്നിവയ്ക്ക് പുറമെ പ്രാദേശിക, ജനകീയ ആഭരണ ബ്രാൻഡ് ആരംഭിക്കാൻ പദ്ധതിയുണ്ടെന്ന് കല്യാൺ ജൂവലേഴ്സ് നേരത്തെ സൂചിപ്പിച്ചിരുന്നു.

എടിഎമ്മിന്റെ ആദ്യ ഷോറൂം ഓഗസ്റ്റ് 21ന് ചെന്നൈയിലെ പ്രമുഖ ആഭരണ വിപണിയായ ടി. നഗറിലെ പനഗൽ പാർക്കിൽ പ്രവർത്തനമാരംഭിക്കും. ഇതിൻറെ ഭാഗമായുള്ള ടീസർ പ്രചാരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. വിശ്വാസവും പ്രാദേശിക താല്പര്യങ്ങളും നിർണായകമാകുന്ന ഈ മേഖലയിൽ, പുതിയ ബ്രാൻഡിന് വേഗത്തിൽ ജനപ്രീതി നേടുന്നതിനായി തമിഴ് ചലച്ചിത്ര താരം ശിവകാർത്തികേയനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു.

നിലവിലുള്ള കല്യാൺ, കാൻഡിയർ ബ്രാൻഡുകൾക്ക് പുറമെ, പ്രാദേശിക ആഭരണ ബ്രാൻഡുകളോട് താല്പര്യമുള്ള ഉപഭോക്താക്കളെക്കൂടി ലക്ഷ്യമിട്ടാണ് കല്യാൺ ജുവലേഴ്സ് പുതിയ ബ്രാൻഡ് അവതരിപ്പിക്കുന്നത്. വിപണി കൂടുതൽ വിപുലമാക്കാൻ ഇത് സഹായിക്കും.

കല്യാണിന്റെ പാൻഇന്ത്യൻ രീതികളിൽ നിന്ന് വ്യത്യസ്തമായി, തമിഴ്നാട്ടിലെ ഉപയോക്താക്കൾക്കായി പൂർണമായും രൂപകൽപ്പന ചെയ്തതാണ് 'അക്ഷയ തങ്ക മാളിഗൈ'. തമിഴ്നാട്ടിലെ ഉപഭോക്താക്കളുടെ അഭിരുചികൾക്ക് അനുസൃതമായി, പ്രാദേശിക ആവശ്യങ്ങൾക്കും വാങ്ങൽരീതികൾക്കും അനുയോജ്യമായ രൂപകൽപ്പനകളും ഭാരവും വിലയും അനുസരിച്ചായിരിക്കും ആഭരണങ്ങൾ ലഭ്യമാക്കുക. കല്യാണിൻറെ സ്വന്തം സ്റ്റോർ ശൃംഖലകളോട് മത്സരിക്കുന്നതിന് പകരം പ്രദേശത്തെ മറ്റ് പ്രമുഖ ആഭരണ ശൃംഖലകളോടാകും എടിഎം നേരിട്ട് മത്സരിക്കുക.

തദ്ദേശീയമായ അഭിരുചികൾക്ക് അനുസരിച്ച് രൂപപ്പെടുത്തിയ പ്രാദേശിക വിപണികൾ വിപുലമായ ദീർഘകാല വളർച്ചാസാധ്യതകൾ നല്കുമെന്ന വിശ്വാസമാണ് അക്ഷയ തങ്ക മാളിഗൈ പ്രതിഫലിപ്പിക്കുന്നതെന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു.

ഇന്ത്യയിലെ ഏറ്റവും വലിയ ആഭരണ വിപണികളിലൊന്നാണ് തമിഴ്നാട് എന്നതാണ് ആദ്യ പ്രാദേശിക ബ്രാൻഡിനായി തമിഴ്നാട് തിരഞ്ഞെടുക്കാൻ കാരണം.

തമിഴ് പാരമ്പര്യവും തനിമയും കല്യാൺ ജൂവലേഴ്സിന്റെ സോഴ്സിംഗ് കഴിവുകളും ഗുണമേന്മയും ഉപയോക്താക്കൾക്ക് മുൻതൂക്കം നല്കുന്ന സമീപനവുമായി സംയോജിപ്പിച്ച്, ഫ്രാഞ്ചൈസി മാതൃകയിലൂടെ സംസ്ഥാനത്തുടനീളം മികച്ച വളർച്ച കൈവരിക്കാൻ എടിഎമ്മിന് സാധിക്കുമെന്ന് വിശ്വസിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

തമിഴ്നാട്ടിൽ ഈ പദ്ധതി വിജയകരമാക്കിയ ശേഷം മറ്റ് വിപണികളിലേക്കും സമാനമായ പ്രാദേശിക ബ്രാൻഡുകൾ കൊണ്ടുവരുന്നതിനെക്കുറിച്ച് കല്യാൺ ജൂവലേഴ്സ് ആലോചിക്കും.




# മോട്ടോ പാഡ് 70 ഗ്രൂവ് ടാബ്ലെറ്റ് അവതരിപ്പിച്ച് മോട്ടോറോള; വില 33,999 രൂപ മുതൽ

**ന്യൂദൽഹി:** 9യൂണിറ്റ് ജെബിഎൽ പ്രോ സ്പീക്കർ സിസ്റ്റം, 12.1 ഇഞ്ച് 2.5കെ റെസൊല്യൂഷനുള്ള 120ഹേർട്സ് ഡിസ്പ്ലേ, മീഡിയടെക് ഡൈമെൻസിറ്റി 7400 പ്രോസസർ എന്നിവയുമായി മോട്ടോറോള മോട്ടോ പാഡ് 70 ഗ്രൂവ് ടാബ്ലെറ്റ് ഇന്ത്യയിൽ അവതരിപ്പിച്ചു. 8 ജിബി റാം, 256 ജിബി സ്റ്റോറേജ് വേരിയന്റിന് ബാങ്ക് ഓഫറുകൾ ഉൾപ്പെടെ 33,999 രൂപയാണ് പ്രാരംഭ വില.

10,200 എംഎഎച്ച് ബാറ്ററി, 45 വാട്ട് ടർബോപവർ ഫാസ്റ്റ് ചാർജിംഗ്, ഡോൾബി വിഷൻ, ഡോൾബി അറ്റ്മോസ്, 360 ഡിഗ്രി കിക്ക്സ്റ്റാൻഡ് 2.0, 13 മെഗാപിക്സൽ പിൻ ക്യാമറ, 8 മെഗാപിക്സൽ ഫ്രണ്ട് ക്യാമറ എന്നിവയാണ് പ്രധാന സവിശേഷതകൾ. ഗൂഗിൾ ജെമിനി, സർക്കിൾ ടു സെർച്ച്, എഐ റൈറ്റിംഗ് ടൂളുകൾ, എഐ നോട്ട്സ്, സ്മാർട്ട് കണക്ട് തുടങ്ങിയ എഐ അധിഷ്ഠിത ഫീച്ചറുകളും ടാബ്ലെറ്റിലുണ്ട്. ആൻഡ്രോയ്ഡ് 16 ഒഎസിലാണ് ഉപകരണം എത്തുന്നത്. ആൻഡ്രോയ്ഡ് 18 വരെയുള്ള ഒഎസ് അപ്ഡേറ്റുകളും നാല് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും കമ്പനി ഉറപ്പുനൽകുന്നു.

പാന്റോൺ ബ്ലൂ സർഫ് നിറത്തിൽ ലഭ്യമാകുന്ന ടാബ്ലെറ്റിന്റെ വിൽപ്പന ഓഗസ്റ്റ് 7 മുതൽ ഫ്ലിപ്കാർട്ട്, മോട്ടോറോളയുടെ ഔദ്യോഗിക വെബ്സൈറ്റ്, പ്രമുഖ റീട്ടെയിൽ സ്റ്റോറുകൾ എന്നിവ വഴി ആരംഭിക്കും.

# റോബോത്സവ് അവതരിപ്പിച്ച് വി ഫൗണ്ടേഷനും എറിക്സണും

**കൊച്ചി:** വിദ്യാർത്ഥികളിൽ റോബോട്ടിക്സ്, നിർമ്മിത ബുദ്ധി തുടങ്ങിയ നൂതന സാങ്കേതിക വിദ്യകളിലെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനായി വോഡഫോൺ ഐഡിയയുടെ സിഎസ്ആർ വിഭാഗമായ വി ഫൗണ്ടേഷനും എറിക്സണും ചേർന്ന് റോബോത്സവ് എന്ന പുതിയ പ്ലാറ്റ്ഫോമിന് തുടക്കം കുറിച്ചു. വിദ്യാർത്ഥികൾക്കിടയിൽ ശാസ്ത്രസാങ്കേതികഎഞ്ചിനീയറിംഗ്ഗണിത മേഖലകളോട് താല്പര്യവും നവീകരണ ചിന്തയും വളർത്താനാണ് ഈ ഇന്റർസ്കൂൾ റോബോട്ടിക്സ് പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്.

റോബോട്ടിക്സ് ലാബ് പ്രോഗ്രാമിന്റെ ഭാഗമായി വിജ്ഞാന പങ്കാളിയായ മൊയിനി ഫൗണ്ടേഷനുമായി സഹകരിച്ചാണ് വദ്ദേഃ//ൃീയീമേ.ീൃഴ/ എന്ന വെബ്സൈറ്റ് അവതരിപ്പിച്ചിരിക്കുന്നത്.

റോബോട്ടിക്സ്, 3ഡി പ്രിന്റിംഗ്, പ്രോഗ്രാമിംഗ്, വെർച്വൽ റിയാലിറ്റി, ജനറേറ്റീവ് എഐ എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകാൻ ഈ സംരംഭം ലക്ഷ്യമിടുന്നു. ഓൺലൈൻഓഫ്ലൈൻ പഠനാനുഭവങ്ങൾക്ക് പുറമെ, വെബ്സൈറ്റ് വഴി രാജ്യത്തുടനീളമുള്ള വിദ്യാർത്ഥികൾക്ക് ക്വിസ്, ഉപന്യാസ രചന തുടങ്ങിയ മത്സരങ്ങളിൽ പങ്കെടുക്കാം. കൂടാതെ ബ്ലോഗുകളിലൂടെയും പ്രത്യേകം തയ്യാറാക്കിയ പഠന സാമഗ്രികളിലൂടെയും വിദ്യാർത്ഥികൾക്ക് തങ്ങളുടെ അറിവ് വർദ്ധിപ്പിക്കാം. വിദ്യാർത്ഥികൾക്ക് അവരുടെ സൗകര്യത്തിനനുസരിച്ച് സാങ്കേതികവിദ്യകൾ പഠിക്കാനും നൈപുണ്യം വികസിപ്പിക്കാനും ഈ വെബ്സൈറ്റ് സഹായിക്കും. വരും മാസങ്ങളിൽ വിദ്യാർത്ഥികൾക്കായി കൂടുതൽ ഓഫ്ലൈൻ മത്സരങ്ങളും ആരംഭിക്കും.

നിലവിൽ രാജ്യത്തെ ഏഴ് സംസ്ഥാനങ്ങളിലായി പ്രവർത്തിക്കുന്ന 20 റോബോട്ടിക്സ് ലാബുകളിലൂടെ പതിനായിരത്തോളം വിദ്യാർത്ഥികൾക്ക് ഈ പ്രോഗ്രാമിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. പുതിയ വെബ്സൈറ്റിലൂടെ ഈ മുന്നേറ്റം കൂടുതൽ വിദ്യാർത്ഥികളിലേക്ക് എത്തിക്കാനും ഇന്ത്യൻ സാങ്കേതിക രംഗത്തെ വരുംതലമുറയെ വാർത്തെടുക്കാനുമാണ് വി ഫൗണ്ടേഷനും എറിക്സണും ലക്ഷ്യമിടുന്നത്.

# ആദ്യപാദത്തിൽ 80 കോടി രൂപ അറ്റാദായം നേടി ഇസാഫ് ബാങ്ക്

**കൊച്ചി:** നടപ്പു സാമ്പത്തികവർഷത്തെ ആദ്യ പാദത്തിൽ 80 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി തൃശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്. മുൻവർഷത്തെ സമാനപാദത്തിൽ 81 കോടി രൂപയുടെ നഷ്ടമാണ് രേഖപ്പെടുത്തിയത്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ നാലാം പാദത്തിൽ ബാങ്ക് 24 കോടി രൂപ ലാഭം നേടിയിരുന്നു. സുരക്ഷിത വായ്പകൾ, സ്വർണ വായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച രേഖപ്പെടുത്തി. ചെറുകിട സംരംഭങ്ങൾ, കൃഷി, റീട്ടെയ്ൽ, സ്വർണ വായ്പ തുടങ്ങിയ മേഖലകളിൽ സുരക്ഷിത വായ്പാ വിതരണം ശക്തിപ്പെടുത്തിയതാണ് ബാങ്കിനെ ലാഭത്തിലേക്കെത്തിച്ചത്. ബാങ്ക് കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 50000 കോടി രൂപയെന്ന നാഴികക്കല്ല് പിന്നിട്ടു. മൊത്തം വായ്പ 27 ശതമാനം വാർഷിക വളർച്ചയോടെ 23,216 കോടി രൂപയും നിക്ഷേപം 19 ശതമാനം വാർഷിക വളർച്ചയോടെ 26,924 കോടി രൂപയുമായി. 35 ശതമാനം വാർഷിക വളർച്ചയോടെ 14,465 കോടി രൂപയാണ് സുരക്ഷിത വായ്പയായി രേഖപ്പെടുത്തിയത്. മൊത്തം വായ്പയിൽ 62 ശതമാനമാണ് സുരക്ഷിത വായ്പകൾ.

കാസ (കറന്റ് അക്കൗണ്ട്: സേവിങ്സ് അക്കൗണ്ട്) അനുപാതം 12 ശതമാനം വളർച്ചയോടെ 6,297 കോടി രൂപയിലെത്തി. ബാങ്കിന്റെ വായ്പാ നിക്ഷേപ അനുപാതം 82.3 ശതമാനമാണ്. ആസ്തിഗുണമേന്മകളിൽ ശക്തമായ പ്രകടനമാണ് ബാങ്ക് നടത്തിയത്. മൊത്ത നിഷ്ക്രിയ ആസ്തി 5.4 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.8 ശതമാനമായും മെച്ചപ്പെട്ടു. നീക്കിയിരുപ്പ് അനുപാതം ഉയർന്ന് 85.5 ശതമാനത്തിലെത്തി. അറ്റ പലിശ മാർജിൻ 7.9 ശതമാനമായി വർധിച്ചപ്പോൾ പലിശ വരുമാനം 33 ശതമാനം വാർഷിക വളർച്ചയോടെ 1098 കോടി രൂപയായി ഉയർന്നു. ബാങ്കിന്റെ വരുമാനവും ചെലവും തമ്മിലുള്ള അനുപാതം മുൻവർഷത്തെ 78.2 ശതമാനത്തിൽനിന്നും 58.1 ശതമാനമായി മെച്ചപ്പെട്ടു. പ്രവർത്തന ലാഭം 179 ശതമാനം വാർഷിക വളർച്ചനേടി 349 കോടി രൂപയിലെത്തി.

എംഎസ്എംഇ, കൃഷി, റീട്ടെയ്ൽ, സ്വർണ വായ്പാ തുടങ്ങിയ സുരക്ഷിത വായ്പകളിലുണ്ടായ മികച്ച വളർച്ചയാണ് ബാങ്കിനെ ലാഭത്തിലേക്കെത്തിച്ചത്. ആസ്തി ഗുണമേന്മ വർധിച്ചതും നിഷ്ക്രിയ ആസ്തികൾ കുറഞ്ഞതും ബാങ്ക് നടപ്പാക്കിയ ശക്തമായ നയങ്ങളുടെ ഫലമാണ്.